"ഭരണഭാഷ - മാതൃഭാഷ"

നം:ഒ&എം(1)/1240/2023-ഡി.ജി.ഇ

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം,
തിരുവനന്തപുരം.
തീയതി : 16-02-2023

# സർക്കുലർ

**വിഷയം:-** പൊതുവിദ്യാഭ്യാസം -ജീവനക്കാര്യം-തൊഴിൽ സ്ഥലങ്ങളിൽ വനിതാ ജീവനക്കാർക്കെതിരെയുള്ള അതിക്രമങ്ങൾ തടയുന്നത് - ഇന്റേണൽ കംപ്ലൈന്റ് കമ്മിറ്റി രൂപീകരണം - സംബന്ധിച്ച്

**സൂചന :-**
1. സർക്കാർ പരിപത്രം നം 1556/ബി3/16 സാ.നീ.വ. തീയതി 26.05.2016
2. ഈ കാര്യാലയത്തിലെ പുറത്തെഴുത് നം ഒ&എം(1)/34743/15/ഡിപിഐ തീയതി 27.07.2016
3. 28.06.2021 ലെ ഒ&എം (1)/6603/2018/ഡിജിഇ നമ്പർ പരിപത്രം

***************

തൊഴിൽ സ്ഥലങ്ങളിൽ വനിതാ ജീവനക്കാർക്കെതിരെയുള്ള അതിക്രമങ്ങൾ തടയുന്നതുമായി ബന്ധപ്പെട്ട് ഇന്റേണൽ കംപ്ലൈന്റ് കമ്മിറ്റികൾ രൂപീകരിക്കുവാൻ സൂചന ഒന്ന് സർക്കാർ പരിപത്രത്തിന്റെ അടിസ്ഥാനത്തിൽ സൂചന രണ്ട് പുറത്തെടുത്ത് കത്ത് പ്രകാരവും സൂചന മൂന്ന് പരിപത്രം പ്രകാരവും എല്ലാ കാര്യാലയങ്ങൾക്കും നിർദ്ദേശം നൽകിയിരുന്നു. എന്നാൽ പ്രസ്തുത നിർദ്ദേശം ചില കാര്യാലയങ്ങളിൽ പാലിക്കപ്പെട്ടിട്ടില്ലാത്തതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഈ സാഹചര്യത്തിൽ താഴെപ്പറയുന്ന നിർദ്ദേശങ്ങൾ പ്രകാരം എല്ലാ കാര്യാലയങ്ങളിലും(സർക്കാർ, എയ്ഡഡ് സ്കൂളുകൾ ഉൾപ്പെടെ) ഇന്റേണൽ കംപ്ലൈന്റ് കമ്മിറ്റികൾ രൂപീകരിക്കേണ്ടതാണ്.

പത്തോ അതിൽ കൂടുതലോ ജീവനക്കാർ പ്രവർത്തിക്കുന്ന എല്ലാ സർക്കാർ/ അർദ്ധസർക്കാർ സ്ഥാപനങ്ങളിലും ഇന്റേണൽ കംപ്ലൈന്റ് കമ്മിറ്റികൾ രൂപീകരിക്കേണ്ടതാണ്.

ഓഫീസിലെ സീനിയർ വനിതാ ഉദ്യോഗസ്ഥയാണ് കമ്മറ്റി ചെയർപേഴ്സൺ ആകേണ്ടത്. കമ്മിറ്റിയിൽ പകുതിയിൽ അധികം അംഗങ്ങളും വനിതാ ജീവനക്കാർ ആയിരിക്കണം

ഓഫീസ് സ്ഥിതി ചെയ്യുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ വാർഡ് മെമ്പർ/കൗൺസിലർ കമ്മിറ്റിയിൽ നിർബന്ധമായും ഉണ്ടായിരിക്കണം.

ഇന്റേണൽ കംപ്ലൈന്റ് കമ്മിറ്റിയിൽ ലഭിച്ച പരാതി പരിഹരിക്കുന്നതിന് നിയമപരമായ പരിഹാരം ആവശ്യമെങ്കിൽ ആയതിന് ഒരു നിയമ വിദഗ്ദ്ധന്റെ സഹായം ആവശ്യപ്പെടാവുന്നതാണ്

ഇന്റേണൽ കംപ്ലൈന്റ് കമ്മിറ്റികൾ ഓരോ രണ്ടു മാസം കൂടുന്തോറും യോഗം ചേരേണ്ടതും മിനിറ്റ്സ് എഴുതി സൂക്ഷിക്കേണ്ടതുമാണ്

താങ്കളുടെ കാര്യാലയത്തിന് കീഴിലെ എല്ലാ കാര്യാലയങ്ങളിലും (സർക്കാർ, എയ്ഡഡ് സ്കൂളുകൾ ~~സ്കൂളുകൾ~~ ഉൾപ്പെടെ) ഇത്തരത്തിൽ ഇന്റേണൽ കംപ്ലൈന്റ് കമ്മിറ്റികൾ രൂപീകരിക്കപ്പെടുന്നു എന്നുള്ളത് ഉറപ്പു വരുത്തേണ്ടതും ഇത്തരം കമ്മിറ്റികൾ രൂപീകരിക്കപ്പെടാത്ത

സ്ഥാപനങ്ങളിൽ എത്രയും വേഗം കമ്മിറ്റികൾ രൂപീകരിക്കുവാൻ വേണ്ട നടപടി അടിയന്തരമായി സ്വീകരിക്കേണ്ടതാണ്.

Sexual Harassment of Women at Workplace (Prevention, Prohibition and Redressal) Act 2013 പ്രകാരം പത്തോ അതിൽ കൂടുതലോ ജീവനക്കാർ പ്രവർത്തി എടുക്കുന്ന എല്ലാ സർക്കാർ/അർദ്ധസർക്കാർ/സ്വകാര്യ സ്ഥാപനങ്ങളിലും ഇന്റേണൽ കംപ്ലൈന്റ് കമ്മിറ്റികൾ രൂപീകരിക്കുക എന്നത് തൊഴിലുടമയുടെ/സ്ഥാപന മേധാവികളുടെ ബാദ്ധ്യതയാണ് ഇതിൽ വീഴ്ച വരുത്തുന്നത് 50,000/- രൂപ വീതം പിഴ ലഭിക്കാവുന്ന കുറ്റമാണ് എന്നുള്ള വിവരം കൂടി അറിയിക്കുന്നു.

Signed by
Bijumon Joseph
Date: 16-02-2023 16:25:58

ബിജുമോൻ ജോസഫ്
പെൻ 101243
സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ
പൊതുവിദ്യാഭ്യാസ ഡയറക്ടർക്കു വേണ്ടി

<u>സ്വീകർത്താവ്:</u>

1. ജോയിന്റ് കമ്മീഷണർ പരീക്ഷാഭവൻ
2. എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും
3. എല്ലാ റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർമാർക്കും (ഹയർ സെക്കണ്ടറി വിഭാഗം)
4. എല്ലാ അസിസ്റ്റന്റ് ഡയറക്ടർമാർക്കും (വൊക്കേഷണൽ ഹയർ സെക്കണ്ടറി വിഭാഗം
5. പാഠപുസ്തക ഓഫീസർ
6. എല്ലാ ജില്ലാ/ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും
7. എല്ലാ ഡയറ്റ് പ്രിൻസിപ്പൽമാർക്കും
8. എല്ലാ പ്രധാദ്ധ്യാപകർക്കും (വിദ്യാഭ്യാസ ഓഫീസർമാർ മുഖേന)

<u>പകർപ്പ്:</u>

1. പൊതുവിദ്യാഭ്യാസ ഡയറക്ടർ (പി എ മുഖാന്തരം)
2. പൊതുവിദ്യാഭ്യാസ അഡീഷണൽ ഡയറക്ടർ (ജനറൽ)(സി എ മുഖാന്തരം)
3. പൊതുവിദ്യാഭ്യാസ അഡീഷണൽ ഡയറക്ടർ (അക്കാഡമിക്)(സി എ മുഖാന്തരം)
4. സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ (സി എ മുഖാന്തരം)
5. സീനിയർ ഫിനാൻസ് ഓഫീസർ (സി എ മുഖാന്തരം)
6. സീനിയർ ലോ ഓഫീസർ
7. കരുതൽ ഫയൽ